## PAPER I (PART A)
## കേരളപാഠാവലി AT

1. 'ഇരട്ട മിഠായികൾ' എന്ന കൃതി എഴുതിയതാര്?

A. എം. മുകുന്ദൻ B. എം. ടി. വാസുദേവൻ നായർ
C. പി. കെ. പാറക്കടവ് D. സക്കറിയ

2. സുഗതകുമാരിയുടെ കൃതി അല്ലാത്തത്?

A. രാത്രിമഴ B. എന്റെ മലയാളം
C. അമ്പലമണി D. പാതിരാ പൂക്കൾ

3. തെറ്റായ ജോഡി ഏത്?

A. കിളിക്കൊഞ്ചൽ – വള്ളത്തോൾ B. മാണിക്യക്കല്ല് - എം ടി
C. രമണൻ – ചങ്ങമ്പുഴ D. നങ്ങേമ്മക്കുട്ടി - ഒ എൻ വി

4. താഴെകൊടുത്ത സൂചനയിൽ നിന്ന് എഴുത്തുകാരനെ കണ്ടെത്തുക
സൂചനകൾ -
# സഞ്ചാരിയും എഴുത്തുകാരനും
# എറണാകുളം ജില്ലയിലെ പള്ളിപ്പുറത്ത് ജനിച്ചു.
# വന്യജീവി ഫോട്ടോഗ്രാഫർ എന്ന നിലയിൽ പ്രശസ്തൻ.
# നാൽപ്പതിലേറെ വർഷമായി പശ്ചിമഘട്ട മലനിരകളിലൂടെ യാത്ര ചെയ്യുന്നു.

A. രവീന്ദ്രൻ B. എൻ എ നസീർ
C. എസ് കെ പൊറ്റെക്കാട് D. രാജൻ കാക്കനാടൻ

5. " അമ്പത്താറക്ഷരമല്ല
അമ്പത്തൊന്നക്ഷരവുമല്ലെന്റെ മലയാളം
മലയാളമെന്ന നാലക്ഷരവുമില്ല
അമ്മ എന്ന ഒരൊറ്റക്ഷരമാണെന്റെ മലയാളം" ആരുടെ വരികൾ?

A. എഴുത്തച്ഛൻ B. കുമാരനാശാൻ
C. കുഞ്ഞുണ്ണി മാഷ് D. കെ അയ്യപ്പപ്പണിക്കർ

6. നാടകവുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവനകൾ ഏത്?
1. കൂട്ടായ്മയുടെ കലയാണ് നാടകം.
2. ഒരു കഥയ്ക്ക് സംഭാഷണമൊരുക്കിയാൽ അത് നാടകമായി
3. കുട്ടികളുടെ നാടകരംഗത്ത് ശ്രദ്ധേയമായ സ്ഥാനം വഹിച്ച വ്യക്തിയാണ് ജി. ശങ്കരപ്പിള്ള

A. 1, 2, 3 ഉം ശരി B. 1 ഉം 3 ഉം ശരി
C. 2 ഉം 3 ഉം ശരി D. 1 ഉം 2 ഉം ശരി

7. ' പൂപ്പുഞ്ചിരി 'എന്ന പദം മാറ്റിയെഴുതിയാൽ

A. പൂവിന്റെ ചിരി B. പൂവിന്റെ ചിരി പോലെ
C. പൂവിനുള്ള ചിരി D. പൂപോലുള്ള പുഞ്ചിരി

8. നവമാധ്യമങ്ങളുടെ ഉപയോഗം കൊണ്ട് കുട്ടികൾക്കുണ്ടായേക്കാവുന്ന പ്രധാന ദൂഷ്യങ്ങളിൽ പെടാത്തത്.
A. സൈബർ തട്ടിപ്പിലേക്ക് നയിക്കുന്നു.
B. ആനുകാലിക വിവരങ്ങൾ തൽസമയം അറിയാൻ.
C. ഏകാഗ്രതയില്ലായ്മയിലേക്ക് നയിക്കുന്നു.
D. നിയമവിരുദ്ധ കുറ്റകൃത്യങ്ങളും, വൈറസ് ആക്രമണങ്ങളും.

9. കാര്യകാരണ ബന്ധം നോക്കി ശരി ഉത്തരം കണ്ടെത്തുക.

**കാര്യം** : നല്ല കറുത്ത കൺപീലികൾക്കിടയിലുള്ള മിനുങ്ങുന്ന കണ്ണുകൾ... ആ കണ്ണുകളുടെ അരികിൽ നിന്നാണല്ലോ താൻ നക്ഷത്രത്തെ തേടി പോകേണ്ടതെന്നോർത്തപ്പോൾ അവനു ചിരി വന്നുപോയി.

KPSTA 2025

**കാരണം :** കമ്മലിനെക്കാളും, നക്ഷത്രത്തേക്കാളും കൂടുതൽ തന്റെ അമ്മയുടെ വാത്സല്യം തുളുമ്പുന്ന കണ്ണുകളല്ലേ തിളങ്ങുന്നത് എന്ന കുട്ടിയുടെ തിരിച്ചറിവ്.

A. കാര്യം, കാരണം ശരി　　B. കാര്യം തെറ്റ്, കാരണം ശരി

C. കാര്യം, കാരണം തെറ്റ്　　D. കാര്യം ശരി, കാരണം തെറ്റ്

10. " ഞാനീ ജനലഴി പിടിച്ചൊട്ടു നിൽക്കട്ടെ നീയെൻ അണിയത്ത് തന്നെ നിൽക്കു". ഇത് ഏത് കവിതയിലെ വരികളാണ്?

A. രാത്രിമഴ　　B. രേണുക

C. സഫലമീ യാത്ര　　D. ഭ്രാന്തി

11. 'ആകാശപ്പന്നി' എന്ന പദം കൊണ്ട് അർത്ഥമാക്കുന്നതെന്ത്?

A. ആകാശമാകുന്ന പന്നി　　B. പന്നിയുള്ള ആകാശം

C. ആകാശവും പന്നിയും　　D. ആകാശത്തിലെ പന്നി

12 " മഴത്തുള്ളി" സന്ധി ഏത്?

A. ആദേശ സന്ധി　　B. ആഗമ സന്ധി

C. ദ്വിത്വ സന്ധി　　D. ലോപസന്ധി

13. പിക്ക്‌ലു മൈനയുടെ കാലിലെ കെട്ടഴിച്ച്, അതിനെ കൈയിലെടുത്തു മൃദുവായി തലോടി. അതിനുശേഷം അവൻ അമ്മയെ വിളിച്ചു. ഈ വാക്യത്തിലെ സർവ്വനാമപദം ഏത്?

A. പിക്ക്‌ലു　　B. മൈന　　C. അവൻ　　D. അമ്മ

14. കച്ചി എന്ന അർത്ഥം കിട്ടുന്ന വാക്ക്

A. വൈക്കോൽ　　B. പുല്ല്　　C. ഇല　　D. ചപ്പ്

15. സാംസ്കാരിക നായകൻ പോലും -  ഈ വരിയിൽ തെളിയുന്ന ഭാവം എന്ത്

A. സഹതാപം　　B. വെറുപ്പ്

C. പുച്ഛം　　D. ദേഷ്യം